## FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

**Hazrat Khalifathullah Munir Ahmad Azim (A)**

**17 March 2017 (17 Jamad-ul' Aakhir 1438 Hijira)**

### THE SEAL OF THE PROPHETS / പ്രവാചകന്മാരുടെ സീൽ

വിശ്വസിച്ചവരെ അല്ലാഹുവിനെ കൂടുതലായി സ്മരിച്ചുകൊണ്ടിരിക്കുക. പ്രഭാതത്തിലും പ്രദോഷത്തിലും അവന്റെ പരിശുദ്ധിയെ വാഴ്ത്തുക. നിങ്ങളുടെ മേൽ അനുഗ്രഹാശിസ്സുകളർപ്പിക്കുന്നത് അവനത്രെ. അവന്റെ മലക്കുകളും (അപ്രകാരം ചെയ്യുന്നു എല്ലാതരത്തിലുള്ള) അന്ധകാരങ്ങളിൽ നിന്നും നിങ്ങളെ പുറത്തുകൊണ്ടുവന്ന് പ്രകാശത്തിലേക്ക് നയിക്കുന്നതിനുവേണ്ടി അവൻ സത്യവിശ്വാസികളോട് അളവറ്റ കാരുണ്യം കാണിക്കുന്നവനാകുന്നു. അവനെ അവൻ കണ്ടുമുട്ടുന്ന നാളിൽ അവർക്കുള്ള അഭിവാദ്യം സലാം (സമാധാനം) എന്നായിരിക്കും. അവൻ അവർക്ക് ആദരണീയമായ പ്രതിഫലം ഒരുക്കിവച്ചിട്ടുമുണ്ട്. ഓ ! നബി, നാം നിന്നെ ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നല്കുന്നവനുമായി അയച്ചിരിക്കുന്നു. അല്ലാഹുവിന്റെ കല്പനയനുസരിച്ച് അവനിലേക്ക് ക്ഷണിക്കുന്ന ആളായും പ്രകാശം നല്കുന്ന വിളക്കായും (നിന്നെ അയച്ചിരിക്കുന്നു) സത്യവിശ്വാസികളെ സന്തോഷവാർത്ത അറിയിക്കുക. അല്ലാഹുവിൽ നിന്ന് മഹത്തായ അനുഗ്രഹം അവർക്ക് ലഭിക്കുന്നതാണ് എന്ന്. അവിശ്വാസികളെയും കപടവിശ്വാസികളെയും നീ അനുസരിക്കരുത് അവരുടെ ശല്യങ്ങൾ അവഗണിക്കുക. അല്ലാഹുവിൽ ഭാരമേൽപ്പിക്കുക. കാര്യനിർവ്വാഹകനായി അല്ലാഹു മതിയായവനാകുന്നു (33 : 42-49)

ഈ ഖുർആനിക വചനങ്ങളെ തുടർന്ന്, ഖാത്തമുത്തബിയ്യീൻ എന്ന വാക്ക് പരാമർശമാകുന്നു. ഈ വചനങ്ങൾ ഖാത്തമുന്നബിയ്യീൻ എന്ന് വിഷയവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. കാരണം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) വന്നിട്ടുള്ളത് മുഴുലോകത്തിനും വേണ്ടിയാകുന്നു. അതുകൊണ്ടു തന്നെ അദ്ദേഹം എല്ലാ ഓരോരുത്തർക്കും വേണ്ടിയുള്ള സാക്ഷിയുമാകുന്നു. ഇത് ഖുർആനിലെ മറ്റു വചനങ്ങളിലൂടെ തെളിയിച്ചുട്ടുള്ളതാകുന്നു. അതായത് മുഹമ്മദ് (സ) മറ്റെല്ലാ പ്രവാചകന്മാർക്കും വേണ്ടിയുള്ള സാക്ഷി ആകുന്നു. ആയതിനാൽ ശാഹിദൻ എന്നതുകൊണ്ടർത്ഥമാക്കുന്നത്, നാം നിന്നെ മുഹമ്മദ് (സ) നെ നിയോഗിച്ചിരിക്കുന്നത്, എല്ലാ ജനങ്ങൾക്കും വേണ്ടിയുള്ള സാക്ഷിആയിട്ടാണ്, അതായത്, കഴിഞ്ഞകാലത്തെ ജനതയ്ക്കും, ഇപ്പോഴത്തെ ജനതയ്ക്കും, ഇനിവരുന്ന

കാലത്തെ ജനതയ്ക്കും, അതുപോലെ തന്നെ എല്ലാ കഴിഞ്ഞു കടന്ന പ്രവാചകന്മാർക്കും, ഇനിവരാനിരിക്കുന്ന പ്രവാചകന്മാർക്കും താങ്കൾ ഒരു സാക്ഷിയാണ്. അവർക്കെല്ലാ പേർക്കും താങ്കൾ ഒരു മുന്നറിയിപ്പുകാരനാണ്. അതായത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) അദ്ദേഹത്തിന് മുൻപുള്ളവർക്കും അദ്ദേഹത്തിന് പിൻപുള്ളവർക്കും ഒരു സാക്ഷി ആകുന്നു എന്നു സാരം. അപ്പോൾ ഒരു ചോദ്യം, എങ്ങനെയാണ് പ്രവാചകൻ (സ) നേരിട്ടു കണ്ടില്ലാത്തവർക്കും ഒരു സാക്ഷിയാകുന്നത്? ഇതിന്റെ അർത്ഥം മറ്റുള്ളവരുടെ പ്രവർത്തങ്ങളെയും, വിശ്വാസങ്ങളെയും അളക്കുന്നതിനുള്ള ഒരളവു കോലായിതീരുക എന്നതാണ്.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ സാക്ഷ്യമാണ്, ഒരു പ്രവർത്തി നല്ലതോ, ചീത്തയോ എന്ന് നിശ്ചയിക്കുന്നത്, മറ്റു പ്രവാചകന്മാരുടെ പ്രവർത്തനങ്ങളെ അളന്ന് പരിശോധിക്കുന്നത് അദ്ദേഹത്തിലൂടെയാണ്. അത് മുൻകാല പ്രവാചകന്മാരായാലും ശരി, വരും കാല പ്രവാചകന്മാരായാലും ശരി ! പറയപ്പെട്ടിരിക്കുന്ന ഖാത്തിം എന്ന് വാക്ക് ഇത് ഈ വചനവുമായി എത്രത്തോളം ബന്ധപ്പെട്ടുകിടക്കുന്നു എന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലാകും. ഖാത്തിം എന്നാൽ, സാക്ഷ്യപ്പെടുത്തലാണ്, ഒരു സാക്ഷ്യത്തിലൂടെ ഒരു കാര്യം ശരിയാണ് എന്ന് ഒരാൾ പറയുക. ഇത് ഒരു നല്ല സാക്ഷ്യമാണെങ്കിൽ, അപ്പോൾ, ഒരു സീലിലൂടെ, ഇത് എല്ലാ നിലയിലും ഒരു മഹത്തായ തെളിവായിത്തീരുന്നു, ഇത് ശരിയാണെന്ന് പ്രഖ്യാപിക്കൽ, മഹത്വപൂർണ്ണവും, പ്രായോഗികവുമാണ്. ആയതിനാൽ ഖാത്തിം അർത്ഥമാക്കുന്നത് ഒരുളവുകോലാണ് അത് കഴിഞ്ഞകാല ജനങ്ങൾക്കും, ഇപ്പോൾ ഉള്ളവർക്കും, വരും കാലത്തുള്ളവർക്കും വേണ്ടിയുള്ള ഒരളവുകോലാണ്, സാക്ഷി പത്രമാണ്.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ഒരുദാഹരണമാണിത് / ഒരു മാതൃകയാണിത്. കഴിഞ്ഞകാല പ്രവാചകന്മാരുടെയും, ഇപ്പോഴുള്ളവരുടെയും, ഭാവിയിലുള്ള പ്രവാചകന്മാരുടെയും പ്രവർത്തനങ്ങളും, സ്ഥലങ്ങളും, പദവികളും വിധിക്കുവാനുള്ള ഒരു മാർഗമായി ഇതിനെ ഉപയോഗിക്കുന്നു. പ്രവാചകന്മാരുടെ വാക്കുകളിലൂടെയും, അധ്യാപനങ്ങളിലൂടെയും, ഇവകളെ അളവുകോലായി ഉപയോഗപ്പെടുത്തുകയാണ്; അതായത് ഈ പ്രവാകന്മാർ മാപ്പിനർഹരാണോ അതോ ശിക്ഷയ്ക്കർഹരാണോ ?

ആയതിനാൽ ശാഹിദൻ എന്നവാക്കിന് ഖാത്തിം എന്നവാക്കുമായി വളരെ വലിയ ബന്ധമാണുള്ളത്. അങ്ങനെ പ്രവാചകൻ (സ) ഈ അർത്ഥത്തിൽ ഒരു സാക്ഷിയാണെങ്കിൽ, മറ്റു ചിലർക്ക് ഒരു മുന്നറിയിപ്പുകാരനാണ്, മറ്റു ചിലർക്കാകട്ടെ, സന്തോഷവാർത്ത അറിയിക്കുന്നവനും ഈ രീതിയിൽ ഇതിന് രണ്ടർത്ഥങ്ങളുണ്ട്. ഒന്നാമത്തെത്, നബികരീം (സ) ന് മുൻപ് മരണപ്പെട്ടുപോയവർ, അവർക്ക് പരിശുദ്ധ പ്രവാചകൻ (സ) യുമായി യാതൊരു ബന്ധവുമില്ല. അവരെ സംബന്ധിച്ചടത്തോളം ഈ മുന്നറിയിപ്പുകളും സന്തോഷവാർത്തകളും അവരുടെ മരണാനന്തര

ജീവിതത്തിലാണ്. ഭാഗ്യവാന്മാരായവർ ഇവരാണ് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ന്റെ ചര്യപിന്തുടർന്നവർ, അവർ മാപ്പിനർഹരാണ് ; അതുപോലെ ദൗർഭാഗ്യവനാമാർ എന്ന് പറയുന്നവർ, പരീക്ഷ പാസ്സാകത്തവരാണ്, അവർക്ക് സന്തോഷവാർത്തകളോ, മുന്നറിയിപ്പുകളോ ഒരു പ്രയോജനവും ചെയ്തില്ല. അവർ പരീക്ഷകളിൽ വിജയിക്കാത്തവരാണ്. അവർക്ക് ഈ സന്തോഷവാർത്തകളോ, മുന്നറിയിപ്പുകളോ ഈ ലോകത്ത് ഒരു പ്രയോജനവും ചെയ്തില്ല. ആയതിനാൽ, സന്ദേശം ലഭിക്കുന്നവർ, അതായത് ഈ സന്തോഷവാർത്തകളും മുന്നറിയിപ്പുകളും, അവരുടെ നിത്യജീവിതത്തിൽ അവർക്ക് ശുഭവാർത്തകൾ ലഭ്യമാകുന്നതാണ്. ഇല്ലെങ്കിൽ (ഈ സന്ദേശങ്ങൾക്കനുസൃതമായി അവർ പ്രവർത്തിക്കുന്നില്ലെങ്കിൽ) അവർക്ക് വലിയശിക്ഷകളും അപമാനങ്ങളും നേരിടേണ്ടി വരുന്നതാണ്.

അങ്ങനെ, സത്വാർത്തകളും മുന്നറിയിപ്പുകളും ഇഹലോകത്ത് നമ്മുടെ പ്രവർത്തനങ്ങളെ സംസ്ക്കരിക്കുന്നതിനായി ഉപയോഗിക്കേണ്താണ്. അതുപോലെ നമ്മുടെ ഈ പ്രവർത്തനങ്ങളുടെ ഫലമായുള്ള പ്രതിഫലം പാരത്രീക ലോകത്ത് പ്രകടമാവുകയും ചെയ്യുന്നതാണ്. തുടർന്ന്, അല്ലാഹു (ത) പറയുന്നു. അതായത് അവൻ താങ്കളെ ആക്കിയിരിക്കുന്നു. (പ്രവാചകൻ (സ) മറ്റുള്ളവരെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവനായി ! അല്ലാഹുവിന്റെ കല്പന കൊണ്ടു സത്യം ! നാം താങ്കളെ പ്രകാശിക്കുന്ന ഒരു വിളക്കായിരിക്കുന്നു. ആ വിളക്കിന് മറ്റുവിളക്കുകളെ കത്തിക്കുവാനുള്ള ശക്തി നല്കിയിരിക്കുന്നു.

## ദായീ ഇലല്ലാഹ് : അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവൻ

ഈ വാക്ക് പ്രത്യേകമായി സൂചിപ്പിച്ചിരിക്കുന്നത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ കുറിച്ചാകുന്നു. എന്നിരുന്നാലും എല്ലാ പ്രവാചകന്മാരും അവരുടെ അനുയായികളും അല്ലാഹുവിലേക്ക് (മനുഷ്യരെ) ക്ഷണിക്കുന്നവർ തന്നെയാണ്. മറ്റു പ്രവാചകന്മാർക്ക് മറ്റു വാക്കുകൾ ഉപയോഗിച്ചിട്ടുള്ളത് നമുക്ക് കാണുവാൻ കഴിയും.

എന്നാൽ മറ്റൊരു പ്രവാചകനും എഴുതപ്പെട്ടതായി നമുക്ക് കണ്ടെത്തുവാൻ കഴിയുകയില്ല. അല്ലെയോ പ്രവാചകരേ ! അല്ലാഹുവിന്റെ കല്പനകൊണ്ട് സത്യം ! നിങ്ങൾ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവൻ തന്നെയാണ്. അല്ലാഹു (ത) ഒരു പ്രവാചകനോട് നേരിട്ട് അഭിസംബോധന ചെയ്യുന്നതായി ഞാൻ എങ്ങും കണ്ടിട്ടില്ല ; മുഹമ്മദ് (സ) നോട് അല്ലാതെ! ഞാൻ താങ്കളെ ദാഈഇലല്ലാഹ് ആയി തിരഞ്ഞെടുത്തിരിക്കുന്നു. മുഹമ്മദ് (സ) നെ കൂടാതെ മറ്റൊരു പ്രവാചകനും ഇത്തരം ഒരു സ്ഥാനപ്പേര് ലഭിച്ചിട്ടില്ല. അത് അല്ലാഹുവിൽ നിന്നുള്ള ഒരു പ്രത്യേക വരദാനമാണ്. ഈ സ്ഥാനപ്പേര് അദ്ദേഹത്തിന് നല്കിയത്. അദ്ദേഹത്തിന്റെ ഉന്നത സ്ഥാനവും പദവിയും പരിഗണിച്ചു തന്നെ ! ബിഇദ്നിഹി എന്നത് മറ്റൊരു പ്രധാന കാര്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. അതായത് അനേകം പ്രവർത്തനങ്ങൾ മനുഷ്യന്റെ നിയന്ത്രണങ്ങൾക്കുമപ്പുറത്തുണ്ട്. അത് അവന്റെ കഴിവിനകത്തുപെടുന്നതല്ല. അവന്റെ

പരിധിയിൽപെടാത്തതും, അതിനപ്പുറത്തുമുള്ള കാര്യങ്ങളുടെ സ്ഥാനത്താണ്, പ്രാർത്ഥനയുടെ അത്ഭുതങ്ങൾ ആരംഭിക്കുന്നത്. ഓരോ മനുഷ്യനും മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. ആളുകൾക്കില്ല, എല്ലാ കഴിവുകളും ! അല്ലാഹുവിന് അതെല്ലാം നിശ്ചയമായും ഉണ്ട് എന്ന് മനസ്സിലാക്കണം. അതുകൊണ്ടാണ് ചിലപ്പോൾ തന്റെ ദാസന്മാരോട് അല്ലാഹു (ത) പറയുന്നത്. പൂർത്തിയാക്കുവാൻ കഴിയാത്ത നിലയിലുള്ള അത്തരം പ്രവർത്തനങ്ങൾ ചെയ്യുവാൻ, എന്നാൽ അല്ലാഹുവിന്റെ സഹായത്താൽ അതു പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. ഇത് സംഭവിക്കുമ്പോൾ, മറ്റുള്ളവർ അത്ഭുതത്തോടെ പറയും ആ മനുഷ്യന്റെ (അല്ലാഹുവിന്റെ ദാസൻ) എന്താണ് ചെയ്തത് ? അത് എങ്ങനെയാണ് പൂർത്തിയാക്കിയത് ? അവൻ അസാധാരണമായ ഒരു മനുഷ്യൻ തന്നെ ! എന്നാൽ ഇത് പ്രവാചകന്മാരിൽ വിശിഷ്യാ സംഭവിച്ചു കഴിയുമ്പോൾ, ഇത്തരം മഹത്വങ്ങൾ, നേട്ടങ്ങൾ അവർ സ്വയം ഏറ്റെടുക്കുന്നില്ല, ഇതെല്ലാം പൂർത്തിയാക്കിയത് അല്ലാഹുവിന്റെ അനുഗ്രഹത്താലാണ്. ഉദാഹരണത്തിന് ഈസ (അ) മരിച്ചവരെ ജീവിപ്പിച്ചു എന്ന് പറഞ്ഞ സ്ഥലത്തെല്ലാം, അദ്ദേഹം അവകാശപ്പെട്ടത് അല്ലാഹുവിന്റെ കല്പനയാൽ അല്ലാഹു അത് സാധ്യമാക്കി തന്നു. ഞാൻ പ്രവാകൻ ഈ കാര്യത്തിൽ ഒന്നും തന്നെ ചെയ്തില്ല. അങ്ങനെ പൊതുവിൽ, അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്ന ജോലി, വളരെ നിസ്സാരമായി പൂർത്തിയാക്കാവുന്നതാണ് എന്ന് തോന്നാം. എന്നാൽ അതിന്റെ ഫലത്തിന്റെ കാര്യത്തിൽ വിശകലനം ചെയ്യുമ്പോൾ, ഈ പ്രവർത്തി വളരെ പ്രയാസമേറിയതാണ് എന്ന് മനസ്സിലാകും. കാരണം ഇതിലുള്ള കാര്യം, മരിച്ചവരെ ജീവിപ്പിക്കലാണ്. (ആത്മീയമായി മരിച്ചവരെ ജീവിപ്പിക്കുക) അല്ലാഹുവിന്റെ കല്പനകൾ മരിച്ചവരെ ഈസ (അ) ജീവിപ്പിച്ചതുപോലെ ! ഇവിടെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നും ഒരു ദൗത്യം ലഭിക്കുകയുണ്ടായി, മരണമടഞ്ഞ ജനതയെ നവീകരിക്കുവാൻ അക്കാരണത്താൽ തന്നെ, ഇതും എപ്പോഴും അല്ലാഹുവിന്റെ കല്പന പ്രകാരമാകുന്നു. അദ്ദേഹത്തിന് നിറവേറ്റുവാൻ സാധിക്കുക ; അല്ലാത്തപക്ഷം ഇതു എപ്പോഴും വളരെ പ്രയാസകരമായി അനുഭവപ്പെടുന്നതാണ് ; മരണപ്പെട്ടവരെ തിരിച്ച് ജീവിതത്തിലേക്ക് കൊണ്ടുവരുക എന്നത് ! ഈ പ്രത്യേകമായ ജോലി, അദ്ദേഹത്തിന് ചെയ്യുവാൻ സാധിക്കുന്നത്. അദ്ദേഹം ഒരു ദാഈ ഇലല്ലാഹ് ആകുന്നതിലൂടെയാണ് (അല്ലാഹുവിനെ ആരാധിക്കുവനായി ജനങ്ങളെ ക്ഷണിക്കുന്നവൻ)

വ സിറാജൻ മുനീറ : എന്നതു കൊണ്ട്ർത്ഥമാക്കുന്നത് അദ്ദേഹം (സ) സ്വയം ഒരു വിളക്കാണ് ; അത്തരം വിളക്കിന് മറ്റു വിളുക്കുകൾക്ക് വെളിച്ചം പകരുവാൻ സാധിക്കുന്നതാണ്. ഈ വിഷയവും ഖാത്തിം എന്ന വാക്കുമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്നു. അവന്റെ അനുഗ്രഹങ്ങൾക്ക് ഒരു രീതിയിലും

ഒരവസാനവുമില്ല. മാത്രമല്ല എല്ലാവിധ അനുഗ്രഹങ്ങൾക്കുമുള്ള ഒരു പ്രവേശന കവാടവുമാകുന്നു. ഖാത്തിം എന്ന വാക്കിന്റെ മറ്റൊർത്ഥം, ഒരാൾക്ക് തന്നിലുള്ള കഴിവ് മറ്റുള്ളവരിൽ സ്വാധീനിപ്പിക്കുവാൻ കഴിയുക ഇതാണ് മനുഷ്യന്റെ ഗുണം ! ഖാത്തമുന്നബിയ്യിൽ എന്ന വചനത്തിന്റെ ആഗമന പശ്ചാത്തലം പരിശോധിച്ചാൽ, തന്റെ ശത്രുക്കളുടെ പരുഷവും, ശത്രുതാപരവും, മോശവുമായ പരാമർശം, അതായതു അദ്ദേഹം ഒരു നഷ്ടകാരിയാണ് (ദൈവംകാക്കട്ടെ!) അനന്തരാവകാശികളില്ലാത്തവനാണ് (ഒരു മനുഷ്യൻ എന്ന നിലയിലും, പിതാവ് എന്ന നിലയിലും, പ്രവാചകൻ എന്ന നിലയിലും) ഈ ആളുകളുടെ അഭിപ്രായത്തിൽ, അദ്ദേഹത്തിന്റെ തലമുറകളും അദ്ദേഹത്തിനെതിരിൽ അവർ ഉപയോഗിച്ചിരുന്നുവെന്ന് ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ പശ്ചാത്തലത്തിൽ നിങ്ങൾ ഖാത്തിം എന്ന വാക്ക് വായിക്കുമ്പോൾ, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ മേൽ ചാർത്തിയ എല്ലാവിധ ഭൂഷിതമായ് ആരോപണങ്ങളും അല്ലാഹു (ത) തള്ളിക്കളഞ്ഞു. ഈ എല്ലാവിധ കുറ്റാരോപണങ്ങളും അപ്രത്യക്ഷമാവുകയുണ്ടായി. അതു സംബന്ധമായി അല്ലാഹു (ത) യുടെ പ്രഖ്യാപനം കാണുക. ജീവശാസ്ത്രപരമായി പറഞ്ഞാൽ ഇതു ശരിയാണ്, താങ്കൾ ആരുടെയും (പുരുഷൻ) പിതാവല്ല. എന്നാൽ അല്ലായോ മുഹമ്മദ് (സ) നാം താങ്കളിൽ നിക്ഷേപിച്ചിരിക്കുന്ന ഗുണങ്ങൾ, ആ ഗുണങ്ങളൊക്കെ മറ്റുള്ളവരിൽ സൃഷ്ടിക്കുവാനുള്ള കഴിവ് നാം താങ്കൾക്ക് നല്കിയിരിക്കുന്നു. താങ്കളുടെ അനുയായികളിൽപ്പെട്ട അനേകർക്കും താങ്കളെപോലെ ഇത്തരം ഗുണങ്ങൾ പ്രകടിപ്പിക്കുവാനുള്ള കഴിവ് നല്കിയിരിക്കുന്നു. ദാഇൗ ഇലല്ലാഹ് എന്ന വിഷയത്തിലെ പരാമർശ വിഷയം ഇതുതന്നെയാണ് അതുപോലെ സിറാജൻ മുനീറ : എന്നതിലെയും. താങ്കൾ ജീവിക്കുന്ന വിളക്കാണ്, മററുവിളക്കുകൾ കത്തിക്കുവാനുള്ള കഴിവുണ്ട്. ഈ വിളക്കുകൾ എന്നെന്നും കത്തിനില്ക്കുന്നതാണ്, താങ്കളുടെ പ്രകാശം ലോകം മുഴുവൻ പ്രകാശിച്ചു കൊണ്ടിരിക്കുന്നതാണ്.

ഈ വിഷയത്തെ, മുൻപുള്ള വചനങ്ങൾ പിന്താങ്ങുന്നു. ഖാത്തമുന്നബിയ്യീൻ എന്ന വചനത്തിനെ തുടർന്ന് അല്ലാഹു (ത) പറയുന്നു. അല്ലയോ വിശ്വാസികളെ അല്ലാഹുവിനെ അധികമായി സ്മരിക്കുക. അല്ലാഹുവിനെ അധികമധികമായി സ്മരിക്കുക എന്നത് വിശ്വാസികളുടെ മേൽ നിർബന്ധമാക്കിയിട്ടുള്ള കാര്യമാകുന്നു. രാവും പകലും അവർ അവന്റെ മഹത്വം പ്രകീർത്തനം ചെയ്യണം. ഈ വിഷയം വളരെ വലിയ നിലയിൽ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ടെ ആത്മീയ സന്താന പരമ്പരയിൽ ബന്ധപ്പെട്ടിരിക്കുന്നതാണ്. അത്ഭുത പ്രതിഭാസത്തോടെ ! അത് ആത്മീയപരമ്പരയിൽ ഇതിന്റെ ബന്ധം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ രണ്ടു വിഷയങ്ങൾക്കിടയിൽ ഖാത്തമത്തബിയ്യീൻ എന്ന വാക്ക് എടുത്തു പറഞ്ഞിരിക്കുന്നു. ഒരു വശത്ത് ശത്രുക്കൾ ആരോപണം ഉയർത്തുന്നു. അദ്ദേഹത്തെപോലെ ഒരു

മനുഷ്യന്റെയും പിതാവല്ല അദ്ദേഹം. എന്നാൽ അല്ലാഹു (ത) ഇത് സൂചിപ്പിച്ചുകൊണ്ട് അത്തരം ആരോപണങ്ങളെ മായ്ച്ചുകളയുന്നു. അവർ പറയുന്നു. അദ്ദേഹം ഒരു പുരുഷന്റെയും പിതാവല്ല. എന്നാൽ അല്ലാഹു പറയുന്നു അതെ ! അദ്ദേഹം നിങ്ങളെപോലുള്ള ഒരാളിന്റെയും പിതാവല്ല (അതായത് ദുർജനങ്ങൾ, അസത്യവാന്മാരായ ആളുകൾ, പ്രവാചകൻ (സ) യുടെ മഹത്വത്തെയും മാന്യതയെയും ഇകഴ്ത്തി കാണിക്കുന്നവർ) നിങ്ങളിലുള്ള ഇത്തരം ആളുകളുടെ പിതാവായിരിക്കുന്നത് മാന്യതയൊന്നുമല്ല. മറിച്ച് ഇതൊരു അപമാനമാണ്, മാന്യതയില്ലായ്മയാണ്. ഇത്തരം സന്താനങ്ങളെ അനന്തരവകാശിയാക്കി പോകുന്നത് ഒരു പിതാവിന്, ഒട്ടും തന്നെ അഭിമാനവുമല്ല.

ഈ വചനത്തെ ഇതിനേക്കാൾ നല്ലനിലയിൽ നമുക്ക് നോക്കികാണുവാൻ കഴിയുന്നതാണ്. അതെ മുഹമ്മദ് നിങ്ങളെ പോലുള്ള ഒരാളുടെയും പിതാവല്ല. എന്നാൽ തീർച്ചയായും അദ്ദേഹം അല്ലാഹുവിന്റെ ദൂതനാകുന്നു. അദ്ദേഹം പ്രവാചകന്മാരെ ഉല്പാദിപ്പിക്കുവാൻ കഴിവുള്ളവനാണ്. അത്തരം പ്രവാചകന്മാർ അനുഗ്രഹങ്ങൾ അർഹിക്കുന്നവരാണ്. അദ്ദേഹം ഒരു ആത്മീയ പിതാവാണ് . അദ്ദേഹത്തിന് പ്രവാചകന്മാരെ,സൃഷ്ടിക്കുവാൻ കഴിയും. പ്രവാചകന്മാരെ സൃഷ്ട്ടിച്ചുകൊണ്ടിരിക്കുന്നതുമാണ്. അത്തരം ആൾക്കാർ പ്രവാചകത്വ പദവിയിലേക്ക് ഉയർത്തപ്പെടുന്നതുമാണ്.

ഈ വിഷയം മറ്റൊരു വചനത്തിലും പരാമർശിക്കപ്പെട്ടിട്ടുണ്ട്. അതിമനോഹരമായ നിലയിൽ, ഇത് വ്യക്തമായി ഇവിടെ കാണിക്കുന്നത്, ഈ വാക്യത്തിൽ മഹത്തായ സന്തോഷവാർത്തയാണ് പരാമർശിച്ചിരിക്കുന്നത്. ആ മഹത്തായ സത്‌വാർത്ത, ആത്മീയ സന്താനപരമ്പരയുടെ വരവാണ്, ഒന്നാമതായി, ഇതു കാണിക്കുന്നത്, ആത്മീയ ജനനമാണ്. ഇതിന് നമുക്ക് അനേകം ഉദാഹരണങ്ങൾ കണ്ടെത്തുവാൻ സാധിക്കുന്നതാണ്. പരിശുദ്ധ പ്രവാചകൻ (സ) ആത്മീയമായി നവീകരിച്ച അനേകരുടെ മാതൃക നമ്മുടെ മുൻപാകെയുണ്ട്. അദ്ദേഹത്തിന്റെ സഹാബാകിറാമിൽപ്പെട്ട അനേകർക്ക്, അവരിൽ പ്രവാചകത്വത്തിന്റെ പ്രകാശം, ശക്തിപ്രഭാവം ലഭ്യമായിട്ടുണ്ട്. അതിനുശേഷം, ഒരു പ്രത്യേക സന്താന ലഭ്യതയുടെ പരാമർശവും നമുക്ക് കാണുവാൻ സാധിക്കും. ഈ വിഷയത്തിൽ കൂടുതൽ പ്രകാശം നല്കുന്നതാണത് ! വിശുദ്ധഖുർആനിൽ നിന്നും ഞാനതിന്റെ റഫറൻസ് നല്ക്കുകയാണ്. അധ്യായം 3 :43 ൽ അതിനു മുൻപുള്ള ഒരു വചനത്തിന്റെ ഹസ്രത് സക്കരിയ്യാ (അ) അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. ഒരു സന്താനത്തെ ലഭ്യമാക്കാനായി ; അല്ലാഹുവിൽ നിന്നുള്ള ഒരു ദൃഷ്ടാന്തമായ് ! അദ്ദേഹം പടുവൃദ്ധനായപ്പോഴാണ് ഈ ആവശ്യം അല്ലാഹുവിന്റെ മുൻപിൽ വെയ്ക്കുന്നത് ! സാധാരണഗതിയിൽ, ശാരീരിക ക്ഷമതഇല്ലാത്ത നിലയിൽ, സാന്താന ലബ്ധി അസാധ്യമാണ്. ഖുർആൻ വിശദീകരിക്കുന്നതുപോലെ ! അദ്ദേഹത്തിന്റെ എല്ലുകൾ വളഞ്ഞു. മുടിവെളുപ്പായി തീർന്നു. അല്ലാഹുവിനോടുള്ള ഈ യാചനയ്ക്ക ശേഷം, ഈ ദുആ അല്ലാഹു സ്വീകരിക്കുന്നു. അദ്ദേഹത്തിന് സുവിശേഷം ലഭിക്കുന്നു. അതായത് അല്ലാഹു അദ്ദേഹത്തിന് സന്താനത്തെ നല്കുമെന്ന് ! ഒരു മകനെ കിട്ടുവാനായി അല്ലാഹുവിനോട് പ്രാർത്ഥിച്ച ഉടനെ, അല്ലാഹു (ത)

അദ്ദേഹത്തിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായി ഒരു സന്തോഷ വാർത്ത നല്കുകയുണ്ടായി. അദ്ദേഹം അത്ഭുതപരതന്ത്രനായി. അത്തരം ഒരു കാര്യം സാധ്യമാണോ ? അപ്പോൾ അദ്ദേഹം അല്ലാഹുവിനോട് ചോദിച്ചു. അദ്ദേഹത്തിന് ഈ കാര്യത്തിൽ ഒരു അടയാളം നല്കാൻ ! അദ്ദേഹത്തിന് അറിയാനും അക്കാര്യത്തിൽ ഒരു ദൃഢത വരുത്തുവാനും ! തീർച്ചയായും ഇത് സാധ്യമാണ് എന്ന് ഉറപ്പിക്കുവാൻ! തന്റെ വാഗ്ദത്തപുത്രൻ ആഗതനാകുന്നതു സംബന്ധിച്ച് അത്തരത്തിലൊരു ദൃഷ്ടാന്തം ചോദിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട്, അല്ലാഹു (ത) പറയുന്നു. (വിശുദ്ധ ഖുർ ആനിൽ) മൂന്ന് ദിവസം നീ ജനങ്ങളിൽ നിന്നും അകന്നു കഴിയുക. എന്നിട്ട് നിശ്ശബ്ദനായിരിക്കുക, ആംഗ്യഭാഷയിൽ മാത്രം സംസാരം, ! അല്ലാഹുവിനു വേണ്ടി മാത്രം സമ്പൂർണ്ണമായും സ്വയം സമർപ്പിക്കുക,അല്ലാഹു (ത) അദ്ദേഹത്തോട് പറഞ്ഞു. രാവും പകലും ദൈവത്തെ സ്തോത്രം ചെയ്തുകഴിയുക. അവനെ മഹത്വപ്പെടുത്തി കഴിയുക.

ഖാത്തമുത്തബിയ്യീൻ എന്ന വചനത്തിനു ശേഷം പരാമർശിതമായ അതേ വിഷയം തന്നെയാണിതെന്ന് നിങ്ങൾക്ക് കാണാൻ കഴിയും. അതിൽ പ്രവാചകന്മാരുടെ വിരാമ പ്രഖ്യാപനമൊന്നുമില്ല, മാത്രമല്ല, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ അനുയായികളിൽ നിന്ന് മഹാനായ ഒരു പ്രവാചകന്റെ ആഗമന സുവിശേഷമാണുള്ളത്

അല്ലെയോ അല്ലാഹുവേ ! എല്ലാവിധ ന്യൂനതകളിൽ നിന്നും നീ മുക്തനാണ്. നിനക്കുമാത്രമാണ് സർവ്വസ്തുതിയും. നീ അല്ലാതെ മറ്റൊരു ആരാധ്യനുമില്ലാ എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. ഞാൻ നിന്നോട് പാപമോചനത്തിനായി അർത്ഥിക്കുന്നു. പശ്ചാത്താപത്തോടെ ഞാൻ നിന്നിലേക്ക് തിരിയുന്നു.

അതേ തുടർന്ന് ഈ വചനം വരുന്നു യാ അയ്യുഹദല്ലദീന ആമനൂ ഉദ്ക്കുറുല്ലാഹ് ദിക്ക്റൻ കസീറ ഹസ്രത് സക്കറിയ്യ (അ) ന് വെളിപാടുകളിലൂടെ കാണിച്ചുകൊടുത്ത അതേ ദുആ ആണിത്. ദുആ സ്വീകാര്യത ബോധ്യപ്പെടുത്തിക്കൊടുക്കുന്ന ഒരു ദൃഷ്ടാന്ത പ്രാർത്ഥനയാണിത്. ഒരു സൽപുത്രനെ നല്കുന്നത് താമസിപ്പിച്ചില്ല, അങ്ങനെ പ്രസ്തുത ദൃഷ്ടാന്തം നിറവേറി.

അതിനുശേഷം, ഉടനെ തന്നെ, അല്ലാഹു (ത) ജനങ്ങളെ ഓർമ്മിപ്പിക്കുന്നു. (അതായത് വിശ്വാസികളെ) അല്ലാഹുവിനെ അധികമായി സ്മരിക്കുവാൻ . രാവും പകലും അവന്റെ മഹത്വം പ്രകീർത്തനം ചെയ്യുവാൻ ! ഈ പ്രവർത്തി ചെയ്യുന്നതിലൂടെ അല്ലാഹു (ത) അവന്റെ അനുഗ്രഹത്താൽ, ഇപ്പോൾ തന്നെ അവൻ തന്റെ അനുഗ്രഹങ്ങൾ ചൊരിഞ്ഞു കൊണ്ടിരിക്കുന്നു. അതോടൊപ്പം ഈ പ്രാർത്ഥനകൾ മലക്കുകളുടെ പ്രാർത്ഥനകളും കൂടിയാണ്. ഇത് തീർച്ചയായും ഹസ്രത് മുഹമ്മദ് (സ) യുടെ അനുഗ്രഹങ്ങളിൽപ്പെട്ടതാണ്. അത് അധികമധികമായി ഒഴുകിക്കൊണ്ടിരിക്കും. അതാണിവിടെ സൂചിപ്പിക്കുന്നത്.

കൗതർഉം ഖാത്തമും ഒരേ കാര്യത്തിന്റെ രണ്ടു പേരുകളാണ് ; ഒരേ അർത്ഥമാണുള്ളത്. ഇതുകൊണ്ടാർത്ഥമാക്കുന്നത് മുഹമ്മദ്(സ) യുടെ അനുഗ്രഹങ്ങൾ

അനന്തമാണ് ; പരിധിയില്ലാത്തതാണ്. ആയതിനാൽ ഇക്കാര്യം സമയവും കാലവും കടന്നുപോകുന്നതാണ്. ഈ പദവി അത്യുന്നത പദവി തന്നെയാണ്. ഈ അനുഗ്രഹം അദ്ദേഹത്തിന്റെ കാലത്തിനുശേഷമുള്ളവർക്കും ചൊരിഞ്ഞുകൊടുക്കുന്നതാണ്. ഇക്കാര്യം ഇങ്ങനെയാണ് മനസ്സിലാക്കേണ്ടത്. അതായത് ജനങ്ങൾക്കു പറയുവാൻ സാധിക്കുന്നതാണ് (അതായത് തെരഞ്ഞെടുത്ത ഒരുവനെ സംബന്ധിച്ച്) തീർച്ചയായും പരിശുദ്ധ പ്രവാചകൻ (സ) യുടെ ആത്മീയ സുതനാണ് എന്ന് !

പരിശുദ്ധ പ്രവാചകൻ (സ) യുടെ അനുഗ്രഹങ്ങളെ ലോകം മുഴുവൻ എങ്ങനെയാണ് പ്രചരിപ്പിക്കേണ്ടത് ? ഈ ലക്ഷ്യം നേടുന്നതിന് ജമാ അത്തുസ്സഹീഹിൽ ഇസ്ലാം എന്തു ജോലിയാണ് ചെയ്യേണ്ടത് ? ഒന്നാമതായി, അല്ലാഹു (ത) പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ഉത്തരവാദിത്വങ്ങൾ വിശദീകരിച്ചു. അതിനെ വിവരിച്ചുകൊണ്ട് അദ്ദേഹം ഖാത്തീം ആണെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ അനുഗ്രഹങ്ങൾ ലോകമെങ്ങും വ്യാപിക്കുന്നതാണ് എന്നും പറഞ്ഞു ഈ വ്യാപനം തുടർന്നുകൊണ്ടേയിരിക്കും. ഖാത്തിം ആയ ഒരാളിന്റെ ഏറ്റവും വലിയ ഉത്തരവാദിത്വം തീർച്ചയായും മുഹമ്മദ് (സ) ന് തന്നെയാണ്. അല്ലാഹു (ത) അദ്ദേഹത്തോട് പറഞ്ഞു. ഈ അനുഗ്രഹ വർദ്ധനവിന്, ഈ വാക്കുകളുടെ .യഥാർത്ഥ അർത്ഥത്തിൽ വർത്തിക്കുക. അതായത് സാക്ഷി ആയിരിക്കുക ; സന്തോഷവാർത്ത അറിയിക്കുന്നവനായിരിക്കുക, മുന്നറിയിപ്പ് നല്കുന്നവനായിരിക്കുക. അല്ലാഹു (ത) പറഞ്ഞു ഈ വാർത്ത മുഴുലോകത്തും മുഴുജനതയ്ക്കുമുള്ളതാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ, നിങ്ങളുടെ ദൗത്യം നിറവേറ്റിയിട്ടില്ല. തുടർന്ന് അല്ലാഹു (ത) വിശദീകരിക്കുന്നു. നാം താങ്കളെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവനാക്കിയിരിക്കുന്നു. അല്ലാഹു (ത) അദ്ദേഹത്തോട് പറഞ്ഞു ഈ അനുഗ്രഹ വർദ്ധനവിന്, ഈ വാക്കുകളുടെ യഥാർത്ഥ അർത്ഥത്തിൽവർത്തിക്കുക. അതായത് സാക്ഷിആയിരിക്കുക. സന്തോഷവാർത്ത അറിയിന്നവാക്കിയിരിക്കുക. അല്ലാഹു (ത) അദ്ദേഹത്തോട് പറഞ്ഞു അദ്ദേഹത്തിന്റെ മേൽ ചൊരിഞ്ഞ ഈ മൂന്നു ഗുണങ്ങൾ ഈ ലക്ഷ്യങ്ങൾ നേടുന്നതിന് പര്യപ്തമായ ഗുണങ്ങളാകുന്നു എന്ന് !

ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുക എന്ന ഒരു വഴി ഒരു സാക്ഷ്യമാണ്. അതിലൂടെ സാക്ഷി ആയിതീരുകയാണ്. രണ്ടാമത്തെ വഴി സന്തോഷവാർത്ത അറിയിക്കുക, മൂന്നാമത്തെ വഴി മുന്നറിയിപ്പു നല്ക്കുക. പരിശുദ്ധ പ്രവാകൻ(സ) ഈ മൂന്ന് വഴികളെ സ്വീകരിച്ചിട്ടുണ്ട്. ഏറ്റവു നല്ലനിലയിൽ തന്നെ ! അങ്ങനെ ഹസ്രത് മുഹമ്മദ് (സ) യുടെ സീൽ, ഏറ്റവും മഹത്തായ സീൽ തന്നെയാണ്. ഇതൊരു സമ്പൂർണ്ണ സീൽ ആകുന്നു. ഈ സീലിൽ (മുദ്രയിൽ) ഇവിടെ പറയപ്പെട്ട മൂന്ന് മുദ്രകൾ കുത്തിയിരിക്കുന്നു, അപ്പോൾ അല്ലാഹുവിന്റെ ഓരോ ദാസനും ജമഅത്തസ്സഹീഹിൽ ഇസ്ലാമിലെ ) തീർച്ചയായും എപ്പോഴും അവരുടെ മനസ്സിൽ ദൃഢമായി മുദ്രണം ചെയ്തിരിക്കണം, അവർ ഓരോരുത്തരും ശഹീദാണ്, മുബശ്ശിറാണ്, നദീരാണ് എന്ന്

(സാക്ഷിയാണ്, സന്തോഷവാർത്ത അറിയിക്കുന്നവനാണ്, മുന്നറിയിപ്പ് നല്ക്കുന്നവനാണ്)

നിങ്ങളെ ഞാൻ പ്രത്യേകമായി ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്, എല്ലാ പ്രവാചകന്മാരും ആദ്യം സന്തോഷവാർത്ത നല്കുന്നവരാണ്, പിന്നീടാണ് താക്കീത് നല്കുന്നത്. ഖുർആനും ഇക്കാര്യം പരാമർശിച്ചിരിക്കുന്നു. അതായത് ആദ്യം സന്തോഷവാർത്ത നല്ക്കുന്നവരാണ്, പിന്നീടാണ് മുന്നറിയിപ്പുകൾ നല്കുന്നത്. (അല്ലാഹുവിന്റെ കല്പന പ്രകാരം) അല്ലാഹുവിന്റെ ദാസന്മാർ സ്വീകരിക്കുന്ന വഴി ഇതാണ്. അവർ ജനങ്ങളെ സമീപിക്കേണ്ടത് ഇപ്രകാരമാണ്. അവരെ ഭയപ്പെടുത്തുകയല്ല അവരുടെ ജോലി, മറിച്ച് അവർക്ക് സന്തോഷവാർത്ത നല്ക്കുക, അതാണ് ആദ്യത്തെ ജോലി. അങ്ങനെ ആയാൽ അവർ അവരുടേതായ രീതിയിൽ, അവരുടെ ജീവിതരീതിയിൽ മാറ്റം വരുത്തിയേക്കാം അവരുടെ ബുദ്ധിമുട്ടുകൾ അകറ്റുവാൻ അവർ പ്രാപ്തരായേക്കാം; അതിലൂടെ അവർക്ക് എല്ലാവിധ പ്രയോജനങ്ങളും ലഭിച്ചേക്കാം അവരുടെ ഭാരങ്ങളൊക്കെ ലഘൂകരിച്ചേക്കാം. ഇവിടെ സന്തോഷവാർത്ത നല്കുന്നവന് നിങ്ങളുടെ സാക്ഷ്യവുമായി നേരിട്ട് ബന്ധമുണ്ട്. നിങ്ങൾ ഒരു സാക്ഷി ആയിത്തീരുവാനുള്ള ഒരു വാതിൽ നിങ്ങളുടെ മുമ്പിൽ തുറന്നിരിക്കുകയാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, നിങ്ങൾ ഇപ്പോൾ പ്രഖ്യാപിക്കണം, അതെ ! തീർച്ചയായും ജീവിച്ചിരിക്കുന്ന ഒരു ദൈവമുണ്ട്. അതിന് ആദ്യമായി നിങ്ങളാകുന്ന വ്യക്തിയിലൂടെ അതിനുള്ള സാക്ഷ്യം സമർപ്പിക്കുവാൻ നിങ്ങൾക്ക് കഴിയണം. ഹസ്രത് മുഹമ്മദ് (സ) എന്ന വ്യക്തിയിലൂടെ അല്ലാഹു (ത) യുടെ നിലനില്പ സംബന്ധമായ ഏറ്റവും മഹത്തായ തെളിവ് നല്കിയിരിക്കുകയാണ്. മുഹമ്മദ് (സ) എന്ന വ്യക്തിയിലൂടെ അല്ലാഹു (ത) യുടെ നിലനില്പ് സംബന്ധമായി അദ്ദേഹം വിശദീകരിച്ച നിലയിൽ ലോകത്തിലെ ഒരു തത്വചിന്തകനും വിശദീകരിക്കുവാൻ സാധിക്കുകയില്ല. തീർച്ചയായും ഹസ്രത് മുഹമ്മദ് (സ) അല്ലാഹു (ത) യുടെ നിലനില്പ് സംബന്ധമായുള്ള ഏറ്റവും വലിയ സാക്ഷിയാണ്.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാം തീർച്ചയായും ഒരു സന്തോഷവാർത്ത അറിയിക്കുന്നവനാകണം. എന്നിട്ട് ഒരു മുന്നറിയിപ്പ് നല്കുന്നവനുമാകണം. സമൂഹത്തെ കാർന്നുതിന്നുന്ന എല്ലാവിധ അപകടങ്ങളിൽ നിന്നും മുക്തരാകുവാൻ നിങ്ങൾ മുന്നറിയിപ്പ് നല്കണം.

സമൂഹത്തിലെ ജനങ്ങൾക്ക് നിങ്ങൾ (ജമാഅത്തുസ്സഹീഹിൽ ഇസ്ലാം) ഏറ്റവും നല്ല ഉപദേശകരായി മാറണം. അപ്പോൾ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയോ, അവർ അതിൽ നിന്ന് പിന്മാറുകയോ ചെയ്തേക്കാം. ആയതിനാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, നാം സ്വയം പ്രശ്നങ്ങളിൽ അകപ്പെട്ടു ഉഴലുകയാണെങ്കിൽ പോലും, (ജമാ അത്തുസ്സഹീഹിൽ ഇസ്ലാം) ഒരു സമാധാനം, ഒരു ശാന്തത, ഒരു നേർത്ത സ്വർഗ്ഗീയ സുഖം നമ്മെ ചുറ്റി നില്ക്കുന്നു.

മറിച്ച്, നമുക്ക് പ്രശ്നം സൃഷ്ടിക്കുന്നവർ, പരിശുദ്ധ പ്രവാചകൻ (സ) യുടെ മേൽ അപവാദം പരത്തുന്നവർ, അവർ കണ്ടെത്തുന്ന സമാധാനം, തീർച്ചയായും അവർക്കുള്ളതാണ് നരകം.

ആർക്കെങ്കിലും മുന്നറിയിപ്പ് നല്കുമ്പോൾ പോകു ! നീ ശപിക്കപ്പെട്ട നരകവാസിയാണ് എന്ന രീതിയില്ല വേണ്ടത്. ഇങ്ങനെ ചെയ്യാൻ പാടില്ല മുന്നറിയിപ്പ് നല്കുമ്പോൾ, നിങ്ങളും ഒരു വേദന അനുഭവിക്കുന്നു എന്ന നിലയിലായിരിക്കണം, തങ്ങളുടെ സഹോദരീ സഹോദരന്മാർക്ക്, തങ്ങളുടെ സഹമനുഷ്യർക്ക് പ്രയാസങ്ങളുണ്ടാകുന്നതിലുള്ള വേദന ! അതെ ! തീർച്ചയായും ഹസ്രത് മുഹമ്മദ് (സ) ഈ സമ്പൂർണ്ണ രീതിയിലാണ്, ജനങ്ങൾക്ക് മുന്നറിയിപ്പ് നല്കിയത്, ഒരിക്കലും ഇന്നത്തെ മുല്ലാക്കൾ ചെയ്യുന്നതുപോലെ ആയിരുന്നില്ല. പ്രവാചകനുശേഷം വന്ന ഇത്തരം ആൾക്കാർ കുഴപ്പക്കരായി തീരുകയുണ്ടായി. അവർ പ്രഖ്യാപിച്ചു (പ്രഖ്യാപിച്ചു കൊണ്ടിരിക്കുന്നു) അതായത് നിങ്ങൾ നരകത്തിന്റെ വിറകാണ്. ഹസ്രത് മുഹമ്മദ് (സ) ജനങ്ങളെ താക്കീത് ചെയ്തിരുന്നു. അതേ സമയം, അദ്ദേഹം അവരുടെ വേദന ഉൾക്കൊണ്ടിരുന്നു.

അല്ലാഹു (ത) അദ്ദേഹത്തോട് പറഞ്ഞു ഹേ ! മുഹമ്മദ്, താങ്കൾ ഏതു രീതിയിലാണ് അവർക്ക് മുന്നറിയിപ്പ് നല്കുന്നത് ? അവർക്ക് മുന്നറിയിപ്പ് നല്കുന്നുണ്ട്. അപ്പോഴും നിങ്ങൾ അവരിൽ ഒരാളെന്ന നിലയിലുള്ള വികാരവായ്പാടെ ! (അതായത് അവരിൽ അനുകമ്പാപൂർവ്വം) ഇതുപോലെ, ദൈവീകദൃഷ്ടാന്താരംഭത്തിൽ, ഞങ്ങൾ പരീക്ഷണങ്ങൾ പീഡനങ്ങൾ നേരിട്ടുകൊണ്ടിരുന്നപ്പോൾ, അല്ലാഹു എന്നെ, അറിയിച്ചു. ഒരു ദിവസം, താങ്കൾ അവരെ നോക്കുമ്പോൾ, താങ്കൾക്ക് അവരോട് സഹതാപം തോന്നും. ഇപ്പോൾ താങ്കൾ വേദനയിലാണ്, കാരണം, അവർ ചെയ്യുന്ന പ്രവർത്തികളാൽ ! ഒരു സമയം സമാഗതമാകും. (അല്ലാഹുവിന്റെ ശിക്ഷ അവരെപിടികൂടും) അപ്പോൾ താങ്കൾക്ക് അവരോടു ദയ തോന്നും. ഇതാണ് മുഹമ്മദ് നബി (സ) യുടെ വഴി. മുന്നറിയിപ്പ് നിശ്ചയമായും നല്കേണ്ടതു തന്നെയാണ്. ആ മുന്നറിയിപ്പ് അവരെ നന്നാക്കുവാനും നവീകരിക്കുവാനുമായിരിക്കണം. ജനങ്ങൾ നിങ്ങളെ ഉപേക്ഷിക്കരുത്, അവർ തുറന്ന കൈയുമായി നിങ്ങളുടെ അടുത്തേക്ക് വരണം.

മുഴുലോകവും ഇപ്പോൾ ഭൗതികയുടെ ആകർഷണവലയത്തിലമർന്നിരിക്കുകയാണ്. ഈ സുഖത്തിലമരുവാൻ അവർ വെമ്പൽ കൊള്ളുകയാണ്. ഈ താത്കാലിക സുഖത്തിലമർന്ന്, അവരുടെ ജീവിതം നഷ്ടമാവുകയാണ് എന്നവർ അറിയുന്നില്ല. ഇതാണ് സ്വാതന്ത്യം എന്ന് ഈ ജനം വിചാരിക്കുന്നു. (അവർ ഈ ജയിലിനെ, സ്വാതന്ത്ര്യം പ്രതിനിധാനം ചെയ്യുന്നതാണെന്ന് കരുതുന്നു) അങ്ങനെ, ഈ ലോകത്തെ സ്വാതന്ത്ര്യത്തിന്റെയും, സുഖാനുഭൂതികളുടെയും വിലങ്ങുകളാൽ ബന്ധിതമാക്കിയിരിക്കുമ്പോൾ, അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർ എന്ന നിലയിൽ നിങ്ങളുടെ ഉത്തരവാദിത്വം, ഇത്തരം

അളുകളെ നിയമങ്ങളുടെ ജയിലിലേക്ക് ക്ഷണിക്കുക എന്നതാണ് മുഹമ്മദ് (സ) യിലൂടെ ലഭ്യമായ വെളിപാടിലൂടെ വെളിവാക്കപ്പെട്ട നിയമങ്ങളിലേക്ക് ! മറ്റൊരു വാക്കി പറഞ്ഞാൽ, ഭൗതിക സുഖം അവർ സ്വാതന്ത്ര്യമായി കാണുന്നു. അല്ലാഹുവിനെ ആരാധിക്കുന്നതും, അതോടനുബന്ധ കല്പനകളും ജയിലായും കാണുന്നു. ജയിലിൽ അല്ലാഹുവിന്റെ നിയമങ്ങളാണ് എന്നവസ്തുതയെ നിരാകരിക്കുന്നില്ല. അവിടെ നിയന്ത്രങ്ങളുണ്ട്, അതവർ രാവും പകലും പാലിക്കുവാൻ ബാധ്യസ്ഥരുമാണ്. ആയതിനാൽ രാവും പകലും അനുഷ്ഠിക്കേണ്ട നിയന്ത്രണങ്ങൾക്ക് വിധേയമായ അല്ലാഹുവിന്റെ ജയിലിലേക്ക് ജനങ്ങളെ ക്ഷണിക്കുക. ഈ ശരിയായ പാതയിലേക്ക് ക്ഷണിക്കുക. ഇതൊരു എളുപ്പ വഴിയല്ല. ഏതു രീതിയിൽ ഈ ജോലി ചെയ്യുവാൻ നിങ്ങൾ ശ്രമിച്ചാലും അവരുടെ ഹൃദയങ്ങളെ കീഴടക്കുവാൻ നിങ്ങൾക്ക് കഴിയില്ല. അതു ചെയ്യുവാൻ, ഒരാൾക്ക് അല്ലാഹുവിന്റെ സഹായം അനിവാര്യമാണ്. അത് ദുആ യിലൂടെയാണ്. ദുആയിലൂടെ മാത്രമെ ഹൃദയങ്ങളെ ആക്രമിച്ചു കീഴടക്കുവാൻ കഴിയുകയുള്ളു. ഹസ്രത് മുഹമ്മദ് (സ) ആത്മീയമായി മരണപ്പെട്ടവരെ, ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവന്നത്, അല്ലാഹുവിന്റെ സഹായത്താലും പ്രാർത്ഥനയാലുമായിരുന്നു. ആയതിനാൽ നാമും (ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിൽ) നാം പതിവായി ഈ ദുആ ചെയ്യുക. റബ്ബി അരിനി കൈഫ തുഹ്‌യുൽമൗത രക്ഷകാ ! മരണപ്പെട്ടവരെ ജീവിപ്പിക്കുന്നത് എങ്ങനെയാണെന്ന് കാണിച്ചു തന്നാലും ആമീൻ

ഇത്തരം അനുഗ്രഹങ്ങളിൽ നിന്ന് നിങ്ങൾ ആട്ടിഓടിക്കപ്പെട്ടവരാണെങ്കിൽ, അതായത് ജീവിതത്തിൽ നിങ്ങൾക്ക്, വിജയിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, നിങ്ങളുടെ ജീവിതം വ്യർത്ഥമായി കണക്കാക്കുന്നതാണ്. നിങ്ങളുടെ ആത്മീയ ഫലങ്ങൾക്ക്, ദൃഷ്ടാന്തത്തിലൂടെ, നിങ്ങൾ തന്നെ സാക്ഷ്യം വഹിക്കേണ്ടതാണ്. നിങ്ങളുടെ കണ്ണുകൾകൊണ്ട് കാണുകയും നിങ്ങൾ സ്വയം സന്തോഷിക്കുകയും ചെയ്യേണ്ടതുമാണ്. നിങ്ങളുടെ വിളക്കുകൾ നിങ്ങൾ സ്വയം നിർമ്മിക്കുക. അത്തരം വിളക്കുകൾക്ക് മറ്റു വിളക്കുകളെ പ്രകാശിപ്പിക്കുവാൻ കഴിയുന്നതാണ്. ഇൻശാ അല്ലാഹ് ! അല്ലാഹുവേ നിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. നീയല്ലാതെ മറ്റൊരു ആരാധ്യനുമില്ല. പാപമോചനത്തിനായി യാചിക്കുന്നു. പാശ്ചാത്താപത്തോടെ ഞാൻ നിന്നിലേക്ക് തിരിയുന്നു ആമീൻ

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam**